റൽ കൗൺസിൽ അംഗങ്ങൾ സ്വാധീനിച്ചതായി ആരോപിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന പരാതിയിലെ ആരോപണം അംഗീകരിക്കാതെ തള്ളിക്കളയുകയുണ്ടായിട്ടുണ്ട്.

17 (1231) കേരള കലാമണ്ഡലത്തിലെ നിയമനം

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേരള കലാമണ്ഡലത്തിൽ എത്ര നിയമനം നടത്തിയിട്ടുണ്ട്;

(ബി) ഓരോ തസ്തികയിലേയ്ക്കുമുള്ള നിയമനത്തിന് നിശ്ചയിച്ചിരുന്ന യോഗ്യത എന്തെന്നും നിയമിക്കപ്പെട്ടവർക്കുള്ള യോഗ്യത എന്തെന്നും വെളിപ്പെടുത്തുമോ;

(സി) കലാമണ്ഡലത്തിൽ ഈ കാലയളവിൽ നടത്തിയ നിയമനത്തിനെതിരെ എത്ര കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്;

(ഡി) ഈ കേസുകളിൽ തീരുമാനമായോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സ്ഥിരനിയമനം - 6

താൽക്കാലികം - 3

(ബി)	യോഗ്യത	നിയമിക്കപ്പെട്ടയാളുടെ യോഗ്യത
	2-ാം ഗ്രേഡ് ഇൻസ്ട്രക്ടർ ഡാൻസ് (ഡിപ്ലോമ) വേഷം മിഴാവ് കഥകളി സംഗീതം	ഡിപ്ലോമ
	ഡ്രൈവർ (എഴുതാനും വായിക്കാനുമുള്ള അറിവ്, ലൈസൻസ് എൽ.എം.വി മൂന്നു വർഷത്തെ ഡ്രൈവിംഗ് പരിചയം.	8-ാം ക്ലാസ് പാസ്, എൽ.എം.വി., എച്ച്.എം.വി., പി.എം.വി. ലൈസൻസുകൾ പത്തു വർഷത്തെ ഡ്രൈവിംഗ് പരിചയം.
	കുക്ക്	പാചക ജോലിയും എഴുതാനും വായിക്കാനുമുള്ള അറിവ്.

(സി)&(ഡി) സ്ഥിരനിയമനങ്ങൾക്കോ താൽക്കാലിക നിയമനങ്ങൾക്കോ എതിരെ കേസുകളൊന്നും ഫയൽ ചെയ്തിട്ടില്ല. പ്രമോഷൻ നിയമനങ്ങളിലാണ് കേസുകൾ നിലനിൽക്കുന്നത്.

18 (1232) സാംസ്കാരിക നയവും പുരാവസ്തു സംരക്ഷണവും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരികനയം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കേരളത്തിൽ പുരാവസ്തു സംരക്ഷണത്തിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ഡി) ഇവ അപര്യാപ്തമാണെന്ന കാര്യം പര്യാപ്തമാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ഇ) കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ)&(ബി) 26.5.1999-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം.22/99/ജി.എ.ഡി. പ്രകാരം ഒരു പുതിയ സാംസ്കാരികനയം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(സി) കേരളത്തിൽ പുരാവസ്തു സംരക്ഷണത്തിന് പുരാവസ്തു വകുപ്പിൽ വിപുലമായ സൗകര്യങ്ങളുണ്ട്. സ്ട്രക്ചറൽ കൺസർവേഷൻ നടത്തുന്നതിന് ചീഫ് കൺസർവേഷൻ എൻജിനീയറുടെ നേതൃത്വത്തിൽ ഒരു സ്ട്രക്ചറൽ കൺസർവേഷൻ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. രാസസംരക്ഷണ ജോലികൾ ചെയ്യുന്നതിന് വകുപ്പിന്റെ കീഴിൽ ഒരു കൺസർവേഷൻ ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

19 (1233) സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി

ശ്രീ. ജി. സുധാകരൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാഹിത്യ അക്കാദമി, സർവ്വവിജ്ഞാനകോശം, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംഗീത നാടക അക്കാദമി എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഏത് തരത്തിലുള്ള പെൻഷനാണ് നൽകേണ്ടതെന്ന കാര്യത്തിൽ തീരുമാനമാകാതെ നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

LIBRARY ARCHIVES Kerala Legislative Assembly